# അക്കാദമിക് മാസ്റ്റർ പ്ലാൻ

**2025-26**

## സെന്റ് .തോമസ് യു പി എസ് കണമല

# സെന്റ് തോമസ് യു. പി. എസ് കണമല

1.ഗ്രാമപഞ്ചായത്ത് :-എരുമേലി
2.ബി. ആർ. സി :-കാഞ്ഞിരപ്പള്ളി

3.ബ്ലോക്ക് :-കാഞ്ഞിരപ്പള്ളി
4.ഉപജില്ല :-കാഞ്ഞിരപ്പള്ളി
5.വിദ്യാഭ്യാസ ജില്ല :-കാഞ്ഞിരപ്പള്ളി
6.ജില്ല :- കോട്ടയം
7.ഇ മെയിൽ :-upskanamala@gmail.com
8.ഹെഡ്മാസ്റ്റർ :-Fr. Abraham T.M
9.ഫോൺ :-9961822601
10.School Code :-32351

11.Senior Assistant :-സിനി മോൾ ആന്റണി

# <u>അക്കാദമിക് മാസ്റ്റർ പ്ലാൻ</u>

അക്കാദമിക മികവിലൂടെ വിദ്യാലയ മികവ്

# ആമുഖം

ഒരു രാജ്യത്തിന്റെ പുരോഗതി അവിടെ ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ആശ്രയിച്ചിരിക്കുന്നു. വിദ്യാലയത്തിൽ എത്തുന്ന ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുകയും അതുവഴി ഓരോ സ്കൂളിനെയും മികവിന്റെ കേന്ദ്രമാക്കി മാറ്റുകയും ചെയ്യണം. സമൂഹ പങ്കാളിത്തത്തോടെ കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾക്ക് ഊന്നൽ നൽകി കൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ ഇവിടെ നിർണയിച്ചിട്ടുള്ളത്.

## പൊതു ലക്ഷ്യങ്ങൾ

ഒന്നുമുതൽ ഏഴ് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾ ആർജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടിയുടെയും കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരമൊരുക്കുക.

ഉന്നതനിലവാരത്തിലുള്ള അധ്യാപനം നടത്തുവാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ഉറപ്പാക്കും.

- ഐ.സി.റ്റി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.

- കലാകായിക പ്രവൃത്തി പരിചയ മികവ് ഉറപ്പുവരുത്തും.
- ഗവേഷണാത്മക പഠനത്തിന് അവസരം ഒരുക്കും
- പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ തുടക്കത്തിലേ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ടുകൊണ്ട് ലഭ്യമാക്കും.

- പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദ ദായകവും എന്ന തരത്തിൽ വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തും.

- സ്കൂൾ ലൈബ്രറി, ലബോറട്ടറി എന്നിവ നവീകരിച്ച് പഠന പ്രക്രിയയുടെ ഭാഗമാക്കും.
- ലഘു പഠനയാത്രകൾ ക്യാമ്പുകൾ വിദഗ്ദരുടെ ക്ലാസ്സുകൾ സെമിനാറുകൾ പ്രൊജക്റ്റുകൾ തുടങ്ങി വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തും.

*കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കും.

- പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കും.

- മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തും.

- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കും.

- സ്കൂൾ പ്രവർത്തനങ്ങൾ ഫലവത്താക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കും.

- പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തും.

സ്കൂൾ തലത്തിലുള്ള വിവിധ സംവിധാനങ്ങൾ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുംവിധം പ്രയോജനപ്പെടുത്തും.
സാമൂഹ്യ നന്മയ്ക്ക് വേണ്ടിയും ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് വേണ്ടിയും സംഘടനകൾ രൂപീകരിച്ച് കുട്ടികളെ അതിൽ പരമാവധി ഉൾക്കൊള്ളിക്കാൻ ശ്രമിക്കും.

# അടിസ്ഥാന വിവരങ്ങൾ

## വിദ്യാലയചരിത്രം

പാപനാശിനിയായ പമ്പയുടെയും പുണ്യനദിയായ അഴുതയുടെയും സംഗമ തീരത്ത് എരുമേലി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കണമല സെന്റ് തോമസ് യു. പി. സ്കൂൾ ആരംഭിച്ചിട്ട് അര നൂറ്റാണ്ട് പിന്നിടുന്നു. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി സബ്ജില്ലയിൽ ഉൾപ്പെടുന്നതാണ് ഈ വിദ്യാലയം.

## വിദ്യാലയത്തിന്റെ തുടക്കം

സ്വതന്ത്ര ഭാരതത്തിന് അഭിമുഖീകരിക്കേണ്ടിവന്ന വെല്ലുവിളികൾ ആയിരുന്നു ഭക്ഷ്യക്ഷാമവും തൊഴിലില്ലായ്മയും.അത് പരിഹരിക്കുന്നതിന്റെ ഭാഗമായി ഗ്രോമോർ പദ്ധതിപ്രകാരം അധ്വാനവർഗം പമ്പാവാലി പ്രദേശത്ത് കുടിയേറുകയും പിന്നീട് സ്ഥിര ദേഹണ്ഡത്തിനായി അവർക്ക് ലഭിച്ച ഈ പ്രദേശത്ത് ആരാധനാ സൗകര്യത്തിനായി 1995 ൽ സെന്റ് തോമസ്

ദൈവാലയം സ്ഥാപിക്കുകയും ചെയ്തു. കന്നിമണ്ണിൽ കനകം വിളയിച്ച കുടിയേറ്റ കർഷകരുടെ സ്വപ്നങ്ങൾ വിജ്ഞാന ദാഹമായി മാറിയപ്പോൾ അവർ ഒരു മനസ്സും ഒരു ആത്മാവുമായി പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്തതിന്റെ ഫലമായി 1960 ൽ ഈ വിദ്യാലയം ഒരു എൽ.പി സ്കൂളായി പ്രവർത്തനം ആരംഭിച്ചു.

## ആദ്യകാല പ്രവർത്തനം

ബഹുമാനപ്പെട്ട ജോസഫ് പുത്തൻപുരക്കലച്ചനായിരുന്നു സ്ഥാപക മാനേജർ. പ്രഥമാധ്യാപകൻ യശശരീരനായ ശ്രി. പി.എം ജോസഫിനെ കൂടാതെ മറ്റൊരു അധ്യാപകൻ കൂടിയേ ആരംഭത്തിൽ അധ്യാപകരായി ഉണ്ടായിരുന്നുള്ളൂ.സ്കൂളിന് സ്വന്തമായി കെട്ടിടം ഉണ്ടായിരുന്നില്ല.പള്ളിക്കുവേണ്ടി നിർമ്മിച്ച താൽക്കാലിക ഷെഡിലാണ് ക്ലാസുകൾ നടത്തിയിരുന്നത്. ജാതിമതഭേദമെന്യേ തങ്ങളുടെ സ്വപ്നമായിരുന്ന ഈ വിദ്യാലയത്തിനു വേണ്ടി നല്ലവരായ നാട്ടുകാർ കൈ മെയ്യ് മറന്ന് അധ്വാനിച്ചതിന്റെ ഫലമായിട്ട് 1962 ൽ എൽ. പി. സ്കൂളിനു വേണ്ടി 120 അടി നീളമുള്ള മറ്റൊരു കെട്ടിടം കൂടി പണികഴിപ്പിച്ചു.

1968-ൽ ബ. ജോസഫ് വാഴയിലച്ചൻ മാനേജരായിരുന്ന കാലത്ത് ഇത് യു. പി. സ്കൂളായി ഉയർത്തപ്പെട്ടു. തുടർന്ന് ശ്രി. പി. സി. ചാക്കോ, റവ. സി. മറിയാമ്മ പി. സി., റവ. സി. ലീലാമ്മ ഫിലിപ്പ്, സർവ്വ ശ്രി. പി. സി ജോസഫ്, കെ. വി. തോമസ്, എൻ. റ്റി. ജോസഫ്, കെ. എം. മാത്യു യശശരീരനായ ശ്രീ കെ. ഒ. മത്തായി, കെ. ജെ. ജോൺ ശ്രീമതി ഫിലോമിന എംസി, ശ്രീ ബിജോയ് വർഗീസ്, റവ. സി. സാനിമോൾ എം. സി എന്നിവർ പ്രഥമ അധ്യാപകരായി സേവനമനുഷ്ഠിച്ചു. 2022 മെയ് മാസം മുതൽ 31/03/2025 വരെ ശ്രീമതി കൊച്ചുറാണി ജോസഫ് പ്രഥമ അധ്യാപികയായി സേവനം അനുഷ്ഠിച്ചു.

1977- ൽ കാഞ്ഞിരപ്പള്ളി രൂപത കോർപ്പറേറ്റ് മാനേജ്മെന്റ് നിലവിൽ വരികയും 1978-79 അധ്യയന വർഷം മുതൽ ഈ സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലാവുകയും ചെയ്തു. ആരംഭകാലത്ത് കറുകച്ചാൽ വിദ്യാഭ്യാസ ഉപജില്ലയുടെ പരിധിയിൽ ആയിരുന്നു സ്കൂൾ. 2013 -ൽ സ്കൂളിൽ പ്രീ പ്രൈമറി വിദ്യാഭ്യാസം ആരംഭിച്ചു.

ഈ സ്കൂളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിച്ചവർ ഇന്ന് രാജ്യത്തിന്റെയും ലോകത്തിന്റെയും വിവിധകോണുകളിൽ വ്യത്യസ്ത മേഖലകളിൽ നാടിനും സ്കൂളിനും അഭിമാനമായി നിലകൊള്ളുന്നു.

ഏതാനും വർഷം മുമ്പുവരെ യു.പി ക്ലാസുകളിൽ നാല് ഡിവിഷൻ വീതവും, എൽ.പി ക്ലാസ്സുകളിൽ 2 ഡിവിഷൻ വീതവും ഉണ്ടായിരുന്നു. എന്നാൽ രക്ഷകർത്താക്കളുടെ സാമ്പത്തികശേഷി താരതമ്യേന ഉയരുകയും അവർ തങ്ങളുടെ കുട്ടികളെ കൂടുതൽ സൗകര്യങ്ങളുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് അയക്കാൻ താല്പര്യം കാണിക്കുകയും ചെയ്തു. മികച്ച ഭൗതിക സാഹചര്യങ്ങളും വാഹന സൗകര്യവും പൊതുവിദ്യാലയങ്ങളിലെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെക്കാൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേത് മെച്ചമാണെന്ന ധാരണയും ഇംഗ്ലീഷ് മീഡിയത്തോടുള്ള താൽപര്യവും ഇതിന് ആക്കം കൂട്ടി.

എന്നാൽ ഇപ്പോൾ ഇവിടെ പ്രീ പ്രൈമറി ക്ലാസുകൾ ആരംഭിക്കുകയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് കൂടുതൽ ശ്രദ്ധ കൊടുക്കുകയും ചെയ്യുന്നതിന്റെ ഫലമായി ആശാവഹമായ ഫലങ്ങൾ കാണുന്നുണ്ട്.

പ്രീപ്രൈമറിയിൽ 21 കുട്ടികളും 1 മുതൽ 7 വരെ 13 ഡിവിഷനുകളിലായി 311 കുട്ടികളുമാണ് ഇപ്പോൾ ഇവിടെ അക്ഷരവെളിച്ചം തേടുന്നത്. ഹെഡ്മാസ്റ്ററിനെ കൂടാതെ 15 സ്ഥിരഅധ്യാപകരും ഒരു അനദ്ധ്യാപകനും ഇവിടെ സേവനമനുഷ്ഠിക്കുന്നു. ഇവരെ കൂടാതെ രണ്ട് പ്രീ പ്രൈമറി

അധ്യാപകർ, ഉച്ചഭക്ഷണ പാചകത്തൊഴിലാളി എന്നിവരും ഇവിടെ ജോലി ചെയ്യുന്നു.

ഫീഡിങ് സ്കൂളുകൾ
* സെന്റ് ജോർജ് എൽപിഎസ് തുലാപ്പള്ളി
* ഗവൺമെന്റ് ട്രൈബൽ എൽ. പി. എസ് കാളകെട്ടി

## അധ്യാപകരുടെ എണ്ണം

1.ഹെഡ്മാസ്റ്റർ :- 1
2.യു. പി :- 8
3.എൽ. പി :- 7
4.അനധ്യാപകൻ :- 1

# അക്കാദമിക പ്രവർത്തനങ്ങൾ , നേട്ടങ്ങൾ

## സ്പോർട്സ്

മലയോര മേഖലയെന്നതും, വാഹന സൗകര്യങ്ങളുടെ അപര്യാപ്തത, വീടുകളിലെ സാമ്പത്തിക നിലവാരം തുടങ്ങി പ്രതിബന്ധങ്ങൾ എന്ന് വിചാരിക്കുന്ന ഘടകങ്ങളാണ് നമ്മുടെ കുട്ടികളുടെ കായികരംഗത്തെ വളർച്ചയ്ക്ക് നിദാനമായിരിക്കുന്നത്. ഒരു കായിക അധ്യാപകന്റെ സാന്നിധ്യം ഇല്ലാതിരുന്നിട്ടും, പഠനസമയം ഒരു മിനിറ്റ് പോലും കളയാതിരുന്നിട്ടും കായികമേഖലയിൽ ഉയർന്ന വിജയം കൈവരിക്കാൻ നമ്മുടെ കുട്ടികൾക്കായിട്ടുണ്ട്.
അധ്യയന വർഷാരംഭം മുതലുള്ള ചിട്ടയായ പരിശീലനമാണ് കുട്ടികളുടെ കായിക രംഗത്തെ മികവിന് കാരണം. ഇതിന്റെ ഫലമായി എല്ലാ വർഷവും 5 കുട്ടികൾക്കെങ്കിലും സ്പോർട്സ് സ്കൂളിലേക്ക് അഡ്മിഷൻ ലഭിക്കുന്നു. ഈ സ്കൂളിൽ നിന്നും പഠിച്ചുപോയ 25 ഓളം കുട്ടികൾക്ക് സ്പോർട്സ് ക്വോട്ടയിൽ ജോലി ലഭിക്കുകയും ചെയ്തു. ഇപ്പോഴുള്ള എട്ട് ദേശീയ കായിക താരങ്ങൾ ഈ വിദ്യാലയത്തിന്റെ സംഭാവനയാണ്. സമീപ സ്കൂളിലെ

അധ്യാപകരും വിദ്യാർത്ഥികളും ഈ സ്കൂളിലെ വിദ്യാർഥികൾക്ക് കായിക പരിശീലനം നൽകിവരുന്നു. ഇത് നമ്മുടെ കുട്ടികളുടെ മികവിന് നിദാനമായി നിലകൊള്ളുന്നു.

## സയൻസ് ക്ലബ്ബ്

കുട്ടികളിലെ ശാസ്ത്ര പ്രതിഭയെ കണ്ടെത്തുന്നതിനും വളർത്തുന്നതിനുമായി ഈ സ്കൂളിലും സയൻസ് ക്ലബ്ബ് പ്രവർത്തിച്ചുവരുന്നു. ശാസ്ത്രത്തെ അറിയുവാനും മനസ്സിലാക്കുവാനും ഇതിലൂടെ കുട്ടികൾക്ക് സാധിക്കുന്നു. കുട്ടികളിലെ ശാസ്ത്രാവബോധം വളർത്തുന്നതിന്റെ ഭാഗമായി ഈ വിദ്യാലയത്തിൽ എല്ലാ അധ്യയനവർഷത്തിലെ യും ഒരു ദിവസം ശാസ്ത്രോത്സവം നടത്തുന്നതിനായി മാറ്റിവയ്ക്കുന്നു. ഈ മേളയിൽ ഒന്നുമുതൽ ഏഴ് വരെയുള്ള എല്ലാ കുട്ടികളും അവരുടെ പഠന നേട്ടങ്ങളിൽ നിന്നും തെരഞ്ഞെടുത്ത വിവിധയിനങ്ങൾ അധ്യാപകരുടേയും രക്ഷിതാക്കളുടേയും സഹായത്തോടെ അവതരിപ്പിക്കുന്നു. ഈ പ്രദർശനം ആസ്വദിക്കുന്നതിനായി സമീപപ്രദേശത്തെ സ്കൂളിൽ നിന്നും വിദ്യാർത്ഥികൾ എത്താറുണ്ട്.

ലോകത്തിൽ നടക്കുന്ന ശാസ്ത്രസാങ്കേതിക വിദ്യകളുടെ വളർച്ചയെ കുറിച്ച് അറിയുവാനും മനസ്സിലാക്കുവാനും ആയി ശാസ്ത്രമാസിക വിതരണം ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിൽ ക്വിസ് മത്സരങ്ങൾ സ്കോളർഷിപ്പ് പരീക്ഷകൾ എന്നിവ നടത്താനും തീരുമാനിച്ചിരിക്കുന്നു.

പ്ലാസ്റ്റിക്, പ്ലാസ്റ്റിക്കേതര വസ്തുക്കൾ സംസ്കരിക്കുന്നതിനും വേറിട്ട് ശേഖരിക്കുന്നതിനും കുട്ടികളെ ബോധവാന്മാരാക്കുക, ഔഷധസസ്യങ്ങളുടെ പ്രാധാന്യവും അവ നട്ടുപിടിപ്പിക്കേണ്ടതിന്റെ ആവശ്യകതയും കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക, അതിനാവശ്യമായ ഔഷധ സസ്യങ്ങൾ ശേഖരിക്കുകയും അവയുടെ ഉപയോഗങ്ങൾ മനസ്സിലാക്കുകയും

അവതരിപ്പിക്കുകയും ചെയ്യാൻ അവസരം നൽകുക എന്നിവ വരും വർഷങ്ങളിൽ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചെയ്യാനായി ഉദ്ദേശിക്കുന്നു.

## ഗണിത ക്ലബ്ബ്

അക്കങ്ങളുടെ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ചു നടത്തുവാനും ഗണിതം ലളിതം ആക്കുന്നതിനും സ്കൂളിൽ ഗണിത ക്ലബ്ബ് പ്രവർത്തിച്ചുവരുന്നു. ഗണിത ശാസ്ത്ര പ്രതിഭകളെ പരിചയപ്പെടുത്തുക കുസൃതിക്കണക്കുകൾ അവതരിപ്പിക്കുക ഗണിതപസിലുകൾ തയ്യാറാക്കുക ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുക എന്നീ കാര്യങ്ങളാണ് ഈ ക്ലബ്ബ് ലക്ഷ്യമിടുന്നത്.

കുട്ടികളിൽ ഗണിതത്തോടുള്ള ആഭിമുഖ്യവും യുക്തിചിന്തയും വളർത്തുന്നതിന് ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ മാഗസിൻ തയ്യാറാക്കുകയും മേളകളിൽ പങ്കെടുപ്പിക്കുകയും ചെയ്യുവാനും ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ പഠന സഹായം നൽകുവാനും ആണ് തീരുമാനിച്ചിരിക്കുന്നത്

# വിൻസന്റ് ഡി പോൾ സൊസൈറ്റി

സാധുജന സേവനവും ആതുരശുശ്രൂഷ മനസ്ഥിതിയും കുട്ടികളിൽ വളർത്തുക എന്ന ലക്ഷ്യത്തോടെ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ യൂണിറ്റ് സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. ഈ സ്കൂളിലെ കുട്ടികൾ എല്ലാം ഇതിൽ അംഗങ്ങളാണ്. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ തങ്ങളുടെ സമ്പത്തും നന്മയും നൽകി സഹായിക്കുക, കുട്ടികളിൽ പരസ്പര ചൈതന്യവും സഹോദര്യവും വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ഈ സൊസൈറ്റിയുടെ

പ്രധാന വരുമാനമാർഗം ആഴ്ചയിലൊരിക്കൽ വിദ്യാർഥികളും അധ്യാപകരും നൽകുന്ന രഹസ്യ പിരിവാണ്.

അർഹരായ കുട്ടികൾക്ക് പാഠപുസ്തകങ്ങൾ, പഠനോപകരണങ്ങൾ, ബാഗ്, കുട, ഭക്ഷണം, ചികിത്സാ സഹായം എന്നിവ ഈ സംഘടന വഴി നൽകിവരുന്നു. ഈ സ്കൂളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുകയും അടിയന്തര ചികിത്സാ സഹായം ആവശ്യമായി വരികയും ചെയ്യുന്ന രക്ഷിതാക്കളെയും ഈ സംഘടന സഹായിച്ചു വരുന്നു. അതുപോലെതന്നെ അഗതികളെയും അശരണരെയും പരിഗണിക്കുക എന്ന മനോഭാവം കുട്ടികളിൽ വളർത്തുന്നതിനായി ആഴ്ചയിലൊരിക്കൽ സമീപപ്രദേശമായ നിരവ് മേഴ്സി ഹോമിലെ അഗതികളായ അറുപതോളം അമ്മമാർക്ക് എല്ലാ വെള്ളിയാഴ്ചകളിലും പൊതിച്ചോറ് നൽകിവരുന്നു.

ഈ സംഘടനയുടെ നേതൃത്വത്തിൽ നടത്തിവരുന്ന കലാമത്സരങ്ങളിൽ നമ്മുടെ കുട്ടികൾ പങ്കെടുക്കാറുണ്ട്. ഓണം, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിൽ കുട്ടികളും അധ്യാപകരും ചേർന്ന് വസ്ത്രങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ, മധുരപലഹാരങ്ങൾ എന്നിവ ശേഖരിച്ച് മേഴ്സി ഹോമിൽ നൽകുകയും അവിടെ കലാപരിപാടികൾ നടത്തി അവരെ സന്തോഷ ഭരിതരാക്കുകയും ചെയ്യാറുണ്ട്.

## പ്രവൃത്തി പരിചയം

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന ക്രിയാത്മകവും സമൂഹ ബന്ധിതവുമായ അഭിരുചികളെ ഉണർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും പ്രാധാന്യം നൽകി പ്രവർത്തിപരിചയ ക്ലബ്ബ് മികച്ച രീതിയിൽ മുന്നോട്ടു പോകുന്നു. പാഴ്വസ്തുക്കൾ,പേപ്പർ, കയർ,മുള ഇവ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വെജിറ്റബിൾ പ്രിന്റിംഗ്, തുന്നൽ, ഫാബ്രിക് പെയിന്റിംഗ്, ചന്ദനത്തിരി നിർമ്മാണം, ചോക്ക് നിർമ്മാണം, പാവനിർമ്മാണം തുടങ്ങിയവയിൽ

പരിശീലനം നൽകാനും കുട്ടികൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള അവസരം നൽകാനും ആവശ്യമായ പ്രവർത്തന പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനോടൊപ്പം കരകൗശല വൈവിധ്യം നേടാനും മൺമറഞ്ഞു പോകുന്ന പല കൈത്തൊഴിലുകളും കുട്ടികൾക്ക് പരിചയപ്പെടുത്താനും ഇതിലൂടെ സാധിക്കും.

## ഹെൽത്ത് ക്ലബ്ബ്

" ചുട്ടയിലെ ശീലം ചുടല വരെ" എന്ന പഴഞ്ചൊല്ലിൽ നിന്നും പാഠമുൾക്കൊണ്ട് ആരോഗ്യശീലങ്ങൾ കുഞ്ഞുമനസ്സുകളിൽ ഊട്ടിയുറപ്പിക്കുന്നതിനായി ഈ സ്കൂളിലും ഹെൽത്ത് ക്ലബ്ബ് പ്രവർത്തിക്കുന്നു. എല്ലാ തിങ്കളാഴ്ചയും ക്ലബ്ബ് അംഗങ്ങൾ ഒരുമിച്ചു കൂടി ആരോഗ്യ സംബന്ധമായ വിഷയങ്ങൾ പഠിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. വ്യക്തിശുചിത്വം ലഹരിമരുന്നുകൾ, പരിസര ശുചിത്വം, എന്നീ വിഷയങ്ങളിൽ ചർച്ചകൾ നടത്തുന്നു.

ഹെൽത്ത് ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂൾ പരിസര ശുചീകരണം സ്കൂളിലെ ജലസ്രോതസ്സുകളിൽ മാസത്തിലൊരിക്കൽ ക്ലോറിനേഷൻ നടത്തൽ എന്നിവ നടത്താൻ ഉദ്ദേശിച്ചിരിക്കുന്നു.

കോവിഡിനെ ചെറുത്തു നിൽക്കാൻ ആവശ്യമായ കരുതലിനെ കുറിച്ച് കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക, മാസ്ക്, സാനിറ്റൈസർ എന്നിവ ആവശ്യമായ കുട്ടികൾക്ക് അവ വിതരണം ചെയ്യുക, മാസ്ക് ധരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കാൻ പര്യാപ്തമായ പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുക എന്നിവയാണ്

വരുംവർഷങ്ങളിൽ ക്ലബ്ബിന്റെ നേതൃത്വത്തിൽ ചെയ്യാനുദ്ദേശിക്കുന്ന പരിപാടികൾ.

## പരിസ്ഥിതി ക്ലബ്ബ്

പ്രകൃതി ഇല്ലെങ്കിൽ മനുഷ്യൻ ഇല്ല എന്ന തിരിച്ചറിവ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട് ഈ സ്കൂളിൽ പരിസ്ഥിതി ക്ലബ്ബ് പ്രവർത്തിക്കുന്നു. പ്രകൃതി സംരക്ഷണം, ചൂഷണം ചെയ്യപ്പെടുന്ന മേഖലകൾ എന്നിവയെ സംബന്ധിച്ച ക്ലാസുകൾ, ക്വിസ് മത്സരങ്ങൾ, പരിസ്ഥിതി ദിന ആഘോഷങ്ങൾ, വൃക്ഷത്തൈ വിതരണം എന്നിവ ഈ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ ആണ്. പരിസ്ഥിതിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളാണ് വരുംവർഷങ്ങളിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്നത്. കുട്ടികളിൽ പ്രകൃതി സ്നേഹം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2025 ലെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് **"ചങ്ങാതിക്കൊരു മരം "** എന്ന പദ്ധതിക്ക് തുടക്കമിട്ടു. കുട്ടികൾക്ക് നൽകിയ മരത്തൈകൾ നട്ടു പരിപാലിക്കുന്നതോടൊപ്പം തന്നെ കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നതിന് അവസരമൊരുക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. കുട്ടികൾ അവർക്ക് കിട്ടിയ വൃക്ഷത്തൈകൾ നട്ടു പരിപാലിക്കുകയും അതോടൊപ്പം അവരുടെ വൃക്ഷത്തൈകളുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ നിരീക്ഷിച്ചു തങ്ങളുടേതായ രചനകളിൽ അവതരിപ്പിക്കുക എന്നതാണ് ഈ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

## സാമൂഹ്യശാസ്ത്ര ക്ലബ്ബ്

മനുഷ്യൻ സാമൂഹിക ജീവിയാണ്. സമൂഹം ഇല്ലാതെ, ചുറ്റുപാടുകൾ ഇല്ലാതെ, മനുഷ്യന് നിലനിൽക്കാനാവില്ല.

സമൂഹജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പരിസരവും നാമും തമ്മിലുള്ള ബന്ധത്തെ കുറിച്ചും അവബോധം കുട്ടികളിൽ വേരൂന്നിക്കുന്നതിനായി സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് സ്കൂളിൽ പ്രവർത്തിച്ചുവരുന്നു.

ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായി പരിസ്ഥിതി ദിനത്തിൽ കുട്ടികൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നു. പരിസ്ഥിതി ദിനത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിനായി പ്രസംഗം, ക്വിസ് ചിത്രരചന, പോസ്റ്റർ രചന എന്നീ മത്സരങ്ങളും ശാസ്ത്ര അവ ബോധ ക്ലാസ്സുകളും നടത്തിവരുന്നു. ഗാന്ധിജയന്തി, സ്വാതന്ത്ര്യദിനാഘോഷം തുടങ്ങിയവയുമായി ബന്ധപ്പെട്ട മത്സരങ്ങൾ നടത്താൻ നിശ്ചയിച്ചിരിക്കുന്നു.

കോവിഡ് കാലത്തിൽ നിന്നും വിപരീതമായി സാമൂഹ്യശാസ്ത്രമേള കളിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ ആവശ്യമായ മുൻകരുതലുകൾ എടുക്കാനും ആവശ്യമായ പരിശീലനങ്ങൾ നൽകുവാനും തീരുമാനിച്ചിരിക്കുന്നു.

## ഹിന്ദി ക്ലബ്ബ്

ഭരണ ഭാഷയെ സ്നേഹിക്കുവാനും മനസ്സിലാക്കുവാനും കൈവശമാക്കുവാനും നമ്മുടെ സ്കൂളിൽ ഹിന്ദി ക്ലബ് പ്രവർത്തിക്കുന്നു. ഹിന്ദി ഭാഷയിലെ അക്ഷരം ഉറപ്പിക്കൽ, വായിക്കുവാനും എഴുതുവാനും അർത്ഥം മനസ്സിലാക്കുവാനുള്ള കഴിവ് ആർജ്ജിക്കുവാൻ കുട്ടികളെ സഹായിക്കുക എന്നതൊക്കെയാണ് ഈ ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ.

ഹിന്ദി ദിനമായ സെപ്റ്റംബർ 14 ന് ഹിന്ദി ദിനാചരണം നടത്തുവാനും കവിത, പ്രസംഗം, പോസ്റ്റർ രചന എന്നീ മത്സരങ്ങൾ നടത്തുവാനും ഇതുവഴി കുട്ടികളിൽ ഭരണ ഭാഷയോടുള്ള ആഭിമുഖ്യം വർധിപ്പിക്കാനുമാണ് പദ്ധതിയിട്ടിരിക്കുന്നത്.

സുരീലി ഹിന്ദിയുടെ പ്രവർത്തന പരിപാടികളിൽ കുട്ടികൾ വളരെ താല്പര്യത്തോടെയാണ് ഇതുവരെ പങ്കെടുത്തു കൊണ്ടിരുന്നത് . ഇനിയും ഇത്തരം

പ്രവർത്തനങ്ങൾ നൽകി കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ ആവശ്യമായ പ്രവർത്തനപരിപാടികൾ ആണ് തീരുമാനിച്ചിരിക്കുന്നത്.

## സംസ്കൃത കൗൺസിൽ

സംസ്കൃതഭാഷയെ സ്വായത്തമാക്കുവാനും അതിൽ കുട്ടികളെ നിപുണരാക്കുവാനുമായി സ്കൂളിൽ സംസ്കൃത കൗൺസിൽ പ്രവർത്തിച്ചുവരുന്നു. കുട്ടികൾക്ക് സംസ്കൃതഭാഷയിൽ അടിസ്ഥാനം ഉറപ്പിക്കുക എന്നതാണ് ഈ കൗൺസിലിന്റെ പ്രാഥമിക ലക്ഷ്യം. സംസ്കൃത ഭാഷയുടെ മഹത്വത്തെക്കുറിച്ചും അതിന്റെ പഠനത്തെ കുറിച്ചും പ്രചാരണത്തെ കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുന്നതിനായി കൗൺസിൽ പ്രവർത്തിക്കുന്നു.

കുട്ടികളുടെ നേതൃത്വത്തിൽ സംസ്കൃത ദിനം ആചരിക്കുന്നു. സംസ്കൃത ദിനത്തോടനുബന്ധിച്ച് സംസ്കൃതത്തിൽ പ്രതിജ്ഞ, പ്രശ്നോത്തരി, സുഭാഷിത ആലാപനം എന്നിവ നടത്തുന്നു. സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ കുട്ടികൾ പങ്കെടുക്കുകയും കഴിഞ്ഞ വർഷങ്ങളിൽ മൂന്നു കുട്ടികൾ സ്കോളർഷിപ്പിന് അർഹരാവുകയും ചെയ്തു. വരുന്ന വർഷങ്ങളിലും കുട്ടികളെ സ്കോളർഷിപ്പ് പരീക്ഷകളിൽ പങ്കെടുപ്പിക്കുവാനും സംസ്കൃത ഭാഷയോടുള്ള സ്നേഹം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യുവാനുമാണ് പദ്ധതിയിട്ടിരിക്കുന്നത്.

## പൂർവ്വവിദ്യാർഥി സംഗമം

സ്കൂളിൽ നിന്നും പഠിച്ചിറങ്ങി ലോകത്തിന്റെ വിവിധ കോണുകളിൽ ആയിരിക്കുന്ന വിദ്യാർത്ഥികൾ വർഷത്തിലൊരിക്കൽ ഒന്നിച്ചു കൂടുകയും സൗഹൃദം പുതുക്കുകയും ചെയ്യുന്നു. പൂർവ്വ വിദ്യാർത്ഥികൾ

നൽകുന്ന സഹായസഹകരണങ്ങൾ സ്കൂളിന്റെ പ്രവർത്തനങ്ങളിൽ ഉപയോഗിക്കുവാനും സാധിക്കുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

 ഒന്നുമുതൽ ഏഴുവരെ ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുംവിധം സമൂഹത്തിലെ വിവിധ ഘടകങ്ങൾ ഏകോപിപ്പിക്കും.
വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കും.
വിദഗ്ദ്ധരായ അധ്യാപകരുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാക്കുന്നതോടൊപ്പം വിദ്യാലയത്തിലെ ഓരോ അധ്യാപകന്റെയും അക്കാദമികവും സാങ്കേതികവുമായ മികവ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ഉറപ്പാക്കും.
പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റും.
കുട്ടികളുടെ സർഗ്ഗശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൗതികവും സർഗാത്മകവുമായ പ്രവർത്തന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കും.
ഗവേഷണാത്മക അധ്യാപനത്തിനും പഠനത്തിനും അവസരമൊരുക്കും.
സ്വയം പഠനം, സംഘ പഠനം, എന്നിവ ഉറപ്പാക്കുന്നതിനു സഹായകമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കും.
പ്രകൃതി തന്നെ പാഠപുസ്തകം എന്ന ദർശനം ഉൾക്കൊള്ളും.
മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കും.
പച്ചക്കറികൃഷി, ഔഷധ സസ്യ ശേഖരണം എന്നിവ പ്രോത്സാഹിപ്പിക്കും.
പ്രാദേശിക വിഭവ പ്രതിഭകളുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാക്കും.

- സമൂഹനന്മയ്ക്ക് വേണ്ടിയും ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് വേണ്ടിയും സംഘടനകൾ രൂപീകരിച്ച് കുട്ടികളെ പരമാവധി ഉൾക്കൊള്ളിക്കാൻ ശ്രമിക്കും.
- കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യമൊരുക്കും.
- ജനകീയ പങ്കാളിത്തം ഉറപ്പാക്കും.
- സ്കൂളും പരിസരവും ആകർഷകമാക്കും.
- രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കും.

## പദ്ധതി രൂപീകരണ പ്രക്രിയ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും സ്കൂൾ സമഗ്ര വികസന രേഖ തയ്യാറാക്കുന്നതിനുമായി മുഴുവൻ സ്റ്റാഫ് അംഗങ്ങളുടെയും ഒരു ആലോചനായോഗം 30.05.2025 ൽ വിളിച്ചുകൂട്ടി. സമൂഹത്തിന്റെ സമസ്ത മേഖലയിൽനിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാംശീകരിച്ചു കൊണ്ടുവേണം വികസന കാഴ്ചപ്പാട് രൂപീകരിക്കേണ്ടത് എന്ന പൊതു വികാരത്തിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു ഏകോപിപ്പിക്കുന്നതിനായി അധ്യാപകരിൽ നിന്നും ഒരു കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചിട്ടയായ പ്രവർത്തനങ്ങളിലൂടെയാണ് വികസന കാഴ്ചപ്പാട് രൂപീകരിച്ചത്.

## കമ്മിറ്റി അംഗങ്ങൾ

1.ഫാ. എബ്രാഹം ടി എം
2.സിനിമോൾ ആന്റണി
3.റ്റിൻസ് ആന്റണി
4. സ്മിത ജോർജ്
5.സി.ലിമിൽ എം ജോർജ്

6.ജെസ്ന എൽസ ജോസഫ്

# അവസ്ഥാ വിശകലനം- ഭൗതികം

1. വിദ്യാലയത്തിന് ആകെ ലഭ്യമായ സ്ഥലം 1.5ഏക്കർ ആണ്.
2. 1 മുതൽ 7 വരെ ക്ലാസ്സുകളിലെ അധ്യയനം ആണ് ഇവിടെ നടക്കുന്നത്.
3. പി ടി എ യുടെ സഹകരണത്തോടെ രണ്ട് നഴ്സറി ക്ലാസുകൾ പ്രവർത്തിക്കുന്നുണ്ട്.
4. കലാകായിക പ്രവൃത്തി പരിചയ പഠനം സ്കൂളിൽ നടക്കുന്നുണ്ട്. ഈ മേഖലയിൽ പഠനം മികവുറ്റതാക്കാൻ നിരവധി സാമഗ്രികൾ ആവശ്യമാണ്.
5. വിദ്യാലയത്തിൽ ആകെയുള്ള ക്ലാസ് മുറികൾ 14 ആണ്. ഒന്നു മുതൽ ഏഴ് വരെ ക്ലാസുകൾ രണ്ട് ഡിവിഷനുകൾ ആയി പ്രവർത്തിക്കുന്നു. up ക്ലാസ്സുകളിൽ ഓടുമാറ്റി ഷീറ്റ് ഇടുകയും ടൈൽ ഇടുകയും എല്ലാ ക്ലാസ്സുകളും സീലിംഗ് ചെയ്തു മനോഹരമാക്കുകയും ചെയ്തു .
6. ഓഫീസ് റൂം, സ്റ്റാഫ് റൂം, കമ്പ്യൂട്ടർ ലാബ്, 3 സ്മാർട്ട് ക്ലാസ് റൂം എന്നിവ ഉണ്ട്. എന്നാൽ പെൺകുട്ടികൾക്ക് വേണ്ടി പ്രത്യേക മുറി ഇല്ല. ഓരോ വർഷവും കുട്ടികളുടെ പ്രവേശനത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകാറുണ്ട്.
7.കുട്ടികൾക്ക് ബെഞ്ച്, ഡെസ്ക് എന്നീ ഇരിപ്പിട സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്.
8. ആധുനിക സൗകര്യമുള്ള അടുക്കള സ്റ്റോർ റൂം ഡൈനിംഗ് ഹാൾ എന്നിവ നിലവിലില്ല. അടുക്കള അത്യാവശ്യ സൗകര്യം മാത്രമുള്ളതാണ്.
9.സ്കൂളിൽ ലൈബ്രറിക്ക് പ്രത്യേകം മുറിയില്ല. ഓഫീസിൽ രണ്ട് അലമാരികളിലായി ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിച്ചിരിക്കുന്നു. സ്കൂൾ വർഷാരംഭം മുതൽ തന്നെ എല്ലാ ക്ലാസ്സുകളിലേക്കും ലൈബ്രറി പുസ്തകം വിതരണം ചെയ്ത രേഖകൾ സൂക്ഷിക്കുന്നു.
10. വിദ്യാലയത്തിൽ കമ്പ്യൂട്ടർ സൗകര്യം ഉണ്ട്. മൂന്ന് ക്ലാസുകൾ സ്മാർട് ക്ലാസ് മുറികൾ ആണ്.
11. ജലലഭ്യത

കുടിവെള്ള സൗകര്യം-ടാപ്പ്

കുടിവെള്ള സ്രോതസ്സ്- കിണർ

ജല ശുദ്ധീകരണത്തിനായി നിശ്ചിത ഇടവേളയിൽ കിണറിൽ ക്ലോറിനേഷൻ നടത്തുന്നു.

ജലം ശേഖരിക്കുന്നതിന് 2 ടാങ്കുകൾ ഉണ്ട്.

12. **ഉച്ചഭക്ഷണം**

വിദ്യാലയത്തിൽ തന്നെ ഉച്ചഭക്ഷണം തയ്യാറാക്കി നൽകുന്നു. ഓരോ ദിവസവും വ്യത്യസ്ത ഇനം കറികൾ നൽകുന്നു. ആഴ്ചയിൽ രണ്ടു ദിവസം പാലും ഒരു ദിവസം മുട്ടയും നൽകുന്നു. പരിമിതസൗകര്യങ്ങളോടു കൂടിയ പാചകപ്പുര ആണുള്ളത്. ഡൈനിങ് ഹാൾ ഇല്ലാത്തതിനാൽ ക്ലാസ് മുറിയിലിരുന്നാണ് കുട്ടികൾ ഭക്ഷണം കഴിക്കുന്നത്.

13. **വൈദ്യുതീകരണം**

എല്ലാ ക്ലാസ് മുറികളിലും സ്റ്റാഫ് റൂം, ഓഫീസ് റൂം, സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് എന്നിവിടങ്ങളിലും വൈദ്യുതി ഉണ്ട്. ആവശ്യമായ ലൈറ്റുകളും ഫാനുകളും കുട്ടികളുടെ ആവശ്യത്തിനായി ക്ലാസ് മുറികളിൽ ഉണ്ട്.

14. **മാലിന്യ സംസ്കരണ പ്ലാന്റ്**

ഒരു ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചാൽ പാചക പുരയുടെ പരിസരം വൃത്തിയായി സൂക്ഷിക്കാൻ സാധിക്കും.

**അക്കാദമികം:പഠനബോധനതന്ത്രങ്ങളുംഅവയുടെ വിലയിരുത്തലും**.

പഠിതാക്കളുടെ ശേഷി വികാസവുമായി ബന്ധമുള്ള പ്രധാനപ്പെട്ട മേഖലയാണ് പഠന ബോധന തന്ത്രങ്ങൾ. കൃത്യമായ ആസൂത്രണം, ഫലപ്രദമായ പഠന പശ്ചാത്തലമൊരുക്കൽ, വ്യത്യസ്തങ്ങളായ പഠനതന്ത്രങ്ങളുടെ നിർവ്വഹണം, അധ്യാപികയുടെ വിഷയ പരിജ്ഞാനം, കുട്ടികളുടെ പഠന ശേഷിയെ സംബന്ധിച്ച ധാരണ എന്നിവ ഉയർന്ന പഠന നില കൈവരിക്കുന്നതിന് കുട്ടികളെ സഹായിക്കുന്നു. ഈ വിലയിരുത്തൽ വഴി വിദ്യാർഥികളെ മനസ്സിലാക്കാനും തന്റെ പഠനബോധന രീതിയുടെ ഫലപ്രാപ്തി വിലയിരുത്താനും അധ്യാപകന് കഴിയുന്നു.

1. കുട്ടിയെ അറിയലാണ് പഠനബോധന പ്രക്രിയയുടെ ആദ്യഘട്ടം. കുട്ടികളുടെ സാമൂഹിക സാംസ്കാരിക സാമ്പത്തിക ഗാർഹിക വിവരങ്ങൾ ശേഖരിക്കുന്നതിന് വിദ്യാലയ രേഖകൾ C.P.T.A, ഗൃഹസന്ദർശനം എന്നീ സാധ്യതകളാണ് അധ്യാപകർ ഉപയോഗിക്കുന്നത്. കോർണർ P.T.A യും നടത്താവുന്നതാണ്.

**2.** വൈവിധ്യപൂർണമായ പഠന വിഭവങ്ങളുടെ ലഭ്യത പൂർണതോതിൽ ഉറപ്പാക്കാൻ കഴിയേണ്ടതുണ്ട്. എന്നാൽ ഈ മേഖലയിൽ ഇനിയും മുന്നേറാനുണ്ട്. വിഭവങ്ങൾ സംബന്ധിച്ച് കൂടുതൽ അറിവ് ലഭിക്കേണ്ടതുണ്ട്. അറിയുന്നവ തന്നെ സമയബന്ധിതമായി കണ്ടെത്താൻ പ്രയാസം അനുഭവപ്പെടുന്ന സന്ദർഭം ഉണ്ടാകാറുണ്ട്. ലഭ്യമായവ ഉപയോഗിച്ചു കൊണ്ടുള്ള പഠനമാണ് ലക്ഷ്യമിടുന്നത്.

3. പഠിതാക്കളുടെ മനോഭാവം പഠന താല്പര്യം എന്നിവ ക്ലാസ് തല ഇടപെടലിന്റെ ഭാഗമായി മനസ്സിലാക്കാൻ കഴിയും. സഹപ്രവർത്തകരുമായുള്ള ചർച്ച C.P.T.A ചർച്ചകൾ എന്നിവയിലൂടെ കുട്ടിയുടെ താല്പര്യം നില തിരിച്ചറിയാനാകും.

4. അദ്ധ്യാപകർ ക്ലാസിൽ അനുഭവിക്കുന്ന പ്രയാസങ്ങൾ തൽസമയമോ അടുത്ത പരിശീലനങ്ങളിലോ പരിഹരിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്.

5. എല്ലാ കുട്ടികളുടെയും പഠന പങ്കാളിത്തം ഒരുക്കും വിധം പഠനപ്രക്രിയ സൂക്ഷ്മമായി അവതരിപ്പിക്കുന്നതിനും എല്ലാവരിലും ഓരോ പഠന നേട്ടവും ഉറപ്പാക്കുന്നതിനും സമയപരിധി തടസ്സമാകുന്നു.

6. പഠന ഉപകരണങ്ങൾ കുട്ടികളുടെ എണ്ണത്തിന് അനുസൃതമായി ക്രമീകരിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്.

7. എല്ലാ കുട്ടികളെയും പരിഗണിക്കുന്ന പഠനനേട്ടം ഉറപ്പാക്കും വിധം പഠനപ്രവർത്തനങ്ങൾ സൂക്ഷ്മമായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള നേരനുഭവം പരിശീലനങ്ങളിലൂടെ ലഭിക്കാത്ത അവസ്ഥയുണ്ട്.

അതുകൊണ്ടുതന്നെ ഈ മേഖലയിൽ കൂടുതൽ സഹായങ്ങൾ ആവശ്യമുണ്ട്.
8. കുട്ടികളുടെ ഹാജർ കൃത്യനിഷ്ഠ എന്നിവ ഉറപ്പുവരുത്തുന്നതിന് സ്കൂളിൽ സൂക്ഷിക്കുന്ന പ്രധാന രേഖ ഹാജർ പട്ടികയാണ്. C.P.T.A മിനുട്ട്സ്, തുടർച്ചയായി ഹാജരാകാത്ത കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ച് വിവരം അന്വേഷിക്കുന്നു.
9. അതാത് വിഷയം പഠിപ്പിക്കുന്ന അധ്യാപകർക്ക് ക്ലാസ് എടുക്കാൻ പറ്റാത്ത സന്ദർഭങ്ങളിൽ ഒഴിവുള്ള അധ്യാപകർ ക്ലാസ്സിൽ പോകാറുണ്ട്. ഇതിനായി പ്രത്യേകം സബ്സ്റ്റിട്യൂഷൻ രജിസ്റ്റർ സൂക്ഷിക്കുന്നു.
10.ശുചിത്വ ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികളുടെ ശുചിത്വബോധം വളർത്താൻ ശ്രമിക്കുന്നുണ്ട്.
11. കുട്ടികളുടെ വ്യക്തിത്വ വികസന കലാകായിക പ്രവർത്തിപരിചയ പരിപാടികൾ, ക്ലബ്ബ് പ്രവർത്തനം പാർലമെന്റ് എന്നിവ സംഘടിപ്പിക്കുന്നു. കുട്ടികളെ പൊതുവേദിയിൽ അഭിനന്ദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യാറുണ്ട്.
12. കുട്ടികളെ ഓരോ ക്ലാസിലും വിലയിരുത്തുന്നുണ്ട്. യൂണിറ്റ് ടെസ്റ്റ്, പാദ വാർഷികം, അർദ്ധ വാർഷിക, വാർഷിക മൂല്യനിർണയം എന്നീ തലങ്ങളിൽ സമഗ്രമായ വിലയിരുത്തൽ നടത്തുന്നു.
13. ഓരോ പ്രവർത്തനത്തിന്റെ നിർവഹണത്തിലും കുട്ടിയെ വിലയിരുത്തേണ്ടതുണ്ട്. ഉൽപ്പന്നങ്ങൾ വിലയിരുത്തലും പഠന സന്ദർഭങ്ങളിൽ കുട്ടിയുടെ പ്രതികരണം പരിഗണിച്ച് കുട്ടിയെ വിലയിരുത്തുന്നു.

## അധ്യാപകരുടെ പ്രവർത്തനങ്ങളും തൊഴിൽ വികാസവും

1. കണമല സെന്റ് തോമസ് യുപി സ്കൂളിൽ ഹെഡ്മാസ്റ്റർ-നെ കൂടാതെ 15 അധ്യാപകരും ഒരു അനധ്യാപകനുമാണ് ഉള്ളത്. എൽ പി വിഭാഗത്തിൽ 7 ഉം യുപി വിഭാഗത്തിൽ 8 ഉം അധ്യാപക തസ്തിക അംഗീകരിച്ചിട്ടുണ്ട്.

2. പുതിയ നിയമനം ലഭിച്ചു വരുന്ന അധ്യാപകർക്കും സ്ഥാനക്കയറ്റം ലഭിച്ചു വരുന്നവർക്കും വിദ്യാഭ്യാസ വകുപ്പ് നൽകുന്ന പരിശീലനം ലഭിക്കുന്നു. സ്കൂൾ തലത്തിൽ എസ്. ആർ. ജി, സബ്ജക്ട് കൗൺസിൽ എന്നീ തലങ്ങളിലുള്ള പരിശീലന അനുഭവങ്ങൾ ലഭിക്കുന്നുണ്ട്.
3. അധ്യാപകരുടെ ഹാജർ രേഖകൾ വിദ്യാലയത്തിൽ സൂക്ഷിക്കുന്നുണ്ട്. ഹാജരാകാത്തതിന്റെ കാരണങ്ങളും രേഖപ്പെടുത്തുന്നതിന് സംവിധാനമുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ ഒഴികെ അധ്യാപകരും അനധ്യാപകരും അവധി മുൻകൂട്ടി അറിയിക്കാറുണ്ട്.
4. അധ്യാപകർ അവധി ആണെങ്കിൽ മറ്റ് അധ്യാപകർക്ക് അധികജോലി നൽകും കൂടുതൽ ദിവസം അവധി എടുക്കുന്ന സാഹചര്യത്തിൽ പകരം അധ്യാപകരെ നിയമിക്കാറുണ്ട്.

5. അധ്യാപക ശാക്തീകരണത്തിനായി എസ്. ആർ. ജി, വിഷയ സമിതികൾ എന്നിവ നിശ്ചിത ഇടവേളകളിൽ സമ്മേളിക്കുന്നുണ്ട്. കൂടാതെ പ്രധമാധ്യാപിക യുടെ മോണിറ്ററിംഗ്, എ. ഇ. ഒ, ബി. ആർ. സി, എന്നിവിടങ്ങളിൽ നിന്നുള്ള സഹായ പരിപാടികൾ എന്നിവ നടക്കുന്നുണ്ട്. അധ്യാപകരുടെ പ്രകടന മികവ് മെച്ചപ്പെടുത്തുന്നതിന് പരിശീലന പങ്കാളിത്തം ഉറപ്പാക്കുന്നു.

6. പാഠ്യപദ്ധതി ലക്ഷ്യമിടുന്ന പ്രതീക്ഷകൾക്ക് അനുസരിച്ച് അധ്യാപക പരിവർത്തനം നടക്കുന്നുണ്ടോ എന്ന് വിലയിരുത്തണം. എല്ലാ കുട്ടികളിലും പഠനനേട്ടം പ്രതീക്ഷിത നിലവാരത്തിൽ വികസിച്ചുവെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. പൂർണമായും പ്രക്രിയാ ബന്ധിതവും പ്രവർത്തനാധിഷ്ഠിത വുമായ പഠന രീതി പിന്തുടരാൻ നിലവിലുള്ള ക്ലാസ് ക്രമീകരിക്കണം. ഉള്ളടക്ക ബാഹുല്യം പഠന ദിവസങ്ങളുടെ കുറവ് എന്നിവ തടസ്സമാണ്. ഐ.സി.ടി അധിഷ്ഠിത പഠനം നിലവിൽ ഫലപ്രദമായി നടക്കുന്നില്ല. ഭൗതിക സൗകര്യങ്ങളുടെ

അപര്യാപ്തതയാണ് ഇതിന് കാരണം. പഠന സാമഗ്രികളുടെ ഉപയോഗവും മെച്ചപ്പെടുത്തേണ്ടതുണ്ട്.

7. എല്ലാ കുട്ടികൾക്കും നിർദ്ദിഷ്ട പഠനനേട്ടം ഉറപ്പുവരുത്തുന്നതിന് സ്പെഷ്യൽ ക്ലാസ്സുകൾ മുന്നോക്കക്കാർക്ക് കൂടുതൽ പ്രവർത്തനങ്ങൾ എന്നിവ നൽകി വരുന്നു.

വിദ്യാലയ നേതൃത്വവും സ്ഥിതി പരിപാലനവും

## നിലവിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ

| | |
|---|---|
| **ഹെഡ് മാസ്റ്റർ** | **ഫാ.എബ്രാഹം ടി എം** |
| എൽ. പി. അദ്ധ്യാപകർ | |
| 1.സിനി മോൾ ആന്റണി<br>2.ജെസ്ന എൽസ ജോസഫ്<br>3.ജിനു മാത്യു | |

| |
|---|
| 4.മിഥുലാ വി. മാർസ്<br>5. മിന്റു രാജു<br>6. അനു ടോം<br>7. ക്രിസ്റ്റീന ബേബി |
| യു. പി. അദ്ധ്യാപകർ |
| 1.സി. ലിമിൽ എം ജോർജ്<br>2. റിനു ആനി ടോം<br>3. റീനാ തോമസ്<br>4.സ്മിത ജോർജ്<br>5.ഹണി ജേക്കബ്<br>6.റ്റിൻസ് ആന്റണി<br>7.അനു ട്രീസ തോമസ്<br>8. സിസിമോൾ വര്ഗീസ് |
| പ്രീ പ്രൈമറി അദ്ധ്യാപകർ |
| 1.ഷീന ജോസഫ്<br>2.രജനി ചാക്കോ |
| അനദ്ധ്യാപകൻ |
| 1.ക്രിസ്റ്റിൻ ലാൽ |

**അദ്ധ്യാപക ചുമതലകൾ**

| | |
|---|---|
| സീനിയർ അസിസ്റ്റന്റ് | സിനി മോൾ ആന്റണി |
| എൽ കെ ജി സെക്ഷൻ ഇൻചാർജ് | സിനി മോൾ ആന്റണി |
| സ്റ്റാഫ് സെക്രട്ടറി | സി. ലിമിൽ എം ജോർജ് |
| പി. റ്റി. എ സെക്രട്ടറി | സ്മിത ജോർജ്<br>ജെസ്ന എൽസ ജോസഫ് |
| എസ്. ആർ. ജി. കൺവീനർ | റ്റിൻസ് ആന്റണി |
| ലൈബ്രറി | റിനു ആനി ടോം |

| | |
|---|---|
| വിദ്യാരംഗം | റിനു ആനി ടോം<br>അനു ട്രീസ തോമസ്<br>മിഥുലാ വി. മാർസ് |
| കെ. സി. എസ്. എൽ | സി. ലിമിൽ എം ജോർജ്<br>ക്രിസ്റ്റീന ബേബി |
| ഡി .സി. എൽ | റിനു ആനി ടോം |
| വിൻസെന്റ് ഡി പോൾ | മിഥുലാ വി. മാർസ്<br>അനു ട്രീസ തോമസ് |
| കമ്പ്യൂട്ടർ | സിസിമോൾ വർഗീസ് |
| അക്കാദമിക് കലണ്ടർ | മിഥുലാ വി. മാർസ് |
| ഉച്ചഭക്ഷണം | റീനാ തോമസ്<br>ജിനു മാത്യു |
| ഹെൽപ് ഡസ്ക് | സിനി മോൾ ആന്റണി |
| സന്മാർഗപാഠം, വേദപാഠം | ഹണി ജേക്കബ്<br>അനു ടോം |
| എക്സാം ഇൻ ചാർജ് | സ്മിത ജോർജ്<br>ഹണി ജേക്കബ് |
| സ്കൂൾ ബസ് | ജെസ്ന എൽസ ജോസഫ്<br>റീനാ തോമസ്<br>റ്റിൻസ് ആന്റണി |
| സ്കൂൾ അച്ചടക്കം | റ്റിൻസ് ആന്റണി<br>മിഥുലാ വി. മാർസ് |
| ICE ഹെൽപ്പിംഗ് ഹാൻഡ് | റ്റിൻസ് ആന്റണി |
| കരാട്ടെ | റ്റിൻസ് ആന്റണി |
| സാമൂഹ്യശാസ്ത്ര ക്ലബ്ബ് | സ്മിത ജോർജ്<br>അനു ട്രീസ തോമസ്<br>ജെസ്ന എൽസ ജോസഫ് |
| സയൻസ് ക്ലബ്ബ് | സി. ലിമിൽ എം ജോർജ്<br>ഹണി ജേക്കബ്<br>അനു ടോം |

| | |
|---|---|
| | ജിനു മാത്യു |
| ഹിന്ദി ക്ലബ്ബ് | റിനു ആനി ടോം |
| ഗണിത ക്ലബ്ബ് | റ്റിൻസ് ആന്റണി<br>മിന്റു രാജു<br>ക്രിസ്റ്റീന ബേബി |
| സംസ്കൃത ക്ലബ്ബ് | റീനാ തോമസ് |
| ഇംഗ്ലീഷ്  ക്ലബ്ബ് | സിസിമോൾ വർഗീസ്<br>മിഥുലാ വി. മാർസ്<br>അനു ടോം |
| ഹെൽത്ത് ക്ലബ്ബ് | റീന തോമസ്<br>സിനി മോൾ ആന്റണി |
| ആർട്ട്സ് ക്ലബ്ബ് | സി. ലിമിൽ എം ജോർജ്<br>റിനു ആനി ടോം<br>ഹണി ജേക്കബ്<br>അനു ടോം |
| യംഗ് ഫാർമേഴ്സ് ക്ലബ്ബ് | റ്റിൻസ് ആന്റണി<br>സ്മിത ജോർജ് |
| സ്പോർട്ട്സ് ക്ലബ്ബ് | റ്റിൻസ് ആന്റണി<br>ജെസ്ന എൽസ ജോസഫ്<br>അനു ട്രീസ തോമസ്<br>ക്രിസ്റ്റീന ബേബി |
| പ്രവർത്തിപരിചയം | സി. ലിമിൽ എം ജോർജ്<br>റിനു ആനി ടോം<br>ക്രിസ്റ്റീന ബേബി<br>അനു ടോം |
| പ്രോഗ്രാം കോ ഓർഡിനേറ്റർ | ഹണി ജേക്കബ്<br>അനു ടോം |

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കാനുള്ള അനുബന്ധ സംവിധാനങ്ങൾ -നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| സബ്ജക്ട് കൗൺസിൽ | മാസത്തിലൊരിക്കൽ |
| എസ് ആർ ജി | എല്ലാ ആഴ്ചയിലും |
| പിടിഎ (ജനറൽ ബോഡി) | ഒരു ടേമിൽ ഒന്ന് |
| ക്ലാസ് പിടിഎ | മാസത്തിലൊരിക്കൽ |
| എം പി ടി എ | മാസത്തിലൊരിക്കൽ |
| **ക്ലബ് പ്രവർത്തനങ്ങൾ** | |
| സയൻസ് | മാസത്തിൽ ഒരിക്കൽ കൂടി |
| ഗണിതം | ഓരോ ആഴ്ചയിലേയും പ്രവർത്തനങ്ങൾ |
| സാമൂഹ്യശാസ്ത്ര ക്ലബ്ബ് | ആസൂത്രണം ചെയ്യുന്നു |
| ഇംഗ്ലീഷ് ക്ലബ്ബ് | ” ” |
| ആർട്സ് ക്ലബ് | ” ” |
| സ്പോർട്സ് ക്ലബ് | ” ” |
| യംഗ് ഫാർമേഴ്സ് | ” ” |
| പ്രവർത്തിപരിചയം | ” ” |
| ഹെൽത്ത് | ” ” |
| പരിസ്ഥിതി | ” ” |
| ഹിന്ദി | ” ” |
| സംസ്കൃതം | ” ” |
| സുരക്ഷ | ” ” |
| വിദ്യാരംഗം കലാസാഹിത്യവേദി,വായന ക്കൂട്ടം | ” ” |
| വിൻസെന്റ് ഡി പോൾ | ” ” |
| കെസിഎസ് എൽ | ” ” |
| ലൈബ്രറി | എല്ലാ കുട്ടികൾക്കും പുസ്തകം വിതരണം ചെയ്യുന്നു .വായനക്കുറിപ്പ് എഴുതുന്നു .ലൈബ്രറി റൂം സ്ഥല പരിമിതമാണ്. |

# 2024-25

# NOON MEAL

| 1 | | 2 | | 3 | | 4 | | 5 | | 6 | | 7 | | total | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| BOY | GIRL | BOY | GIRL | BOY | GIRL | BOY | GIRL | BOY | GIRL | BOY | GIRL | BOY | GIRL | BOY | GIRL |
| 11 | 16 | 16 | 16 | 18 | 14 | 24 | 10 | 33 | 29 | 35 | 22 | 33 | 30 | 186 | 142 |
| 27 | | 32 | | 36 | | 34 | | 62 | | 57 | | 63 | | 311 | |

## വിദ്യാലയ നേതൃത്വവും സ്ഥിതി പരിപാലനവും

കുട്ടിയുടെ സമഗ്രമായ വളർച്ച മുന്നിൽകണ്ടുകൊണ്ട് വിദ്യാലയ വികസനത്തിനായി താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തുന്നു.

1. എല്ലാ കുട്ടികളുടെയും പങ്കാളിത്തവും പഠന നേട്ടവും ഉറപ്പാക്കാൻ മികച്ച അന്തരീക്ഷം ഒരുക്കൽ.
2. പ്രഥമാധ്യാപകർക്ക് സവിശേഷമായ ലഭിച്ച പരിശീലന മേഖലകൾ വിദ്യാലയ നേതൃപാടവം സാമ്പത്തിക വിനിമയം എന്നിവയാണ്.
3. ദൈനംദിന കാര്യങ്ങളിൽ പ്രഥമാധ്യാപകൻ സീനിയർ അധ്യാപകരുമായി കൂടി ആലോചിച്ച് എടുക്കുന്ന തീരുമാനങ്ങൾ സ്റ്റാഫ് മീറ്റിങ്ങിൽ അവതരിപ്പിക്കുന്നു.
4. അധ്യാപകർക്ക് വിവിധ പ്രവർത്തനങ്ങളുടെ ചുമതലകൾ നൽകാറുണ്ട്. അത് ആവശ്യാനുസരണം സമയബന്ധിതമായി അധ്യാപക കൂട്ടായ്മയിലൂടെ നടപ്പാക്കുന്ന രീതി ആണ് നടക്കുന്നത്. പ്രവർത്തനത്തിന്റെ നടപ്പാക്കൽ മികവ് പ്രധാന അധ്യാപകർ വിലയിരുത്താറുണ്ട്.

5. കുട്ടികളുടെ പഠന നില ടൈം മൂല്യനിർണയത്തിന് ഗ്രേഡുകൾ പരിശോധിച്ച് വിലയിരുത്തുന്നു. ഈ മേഖലയിൽ പ്രഥമാധ്യാപകന്റെ സഹായം വളരെ കൂടുതൽ ഉണ്ടാകാറില്ല. സ്റ്റാഫ് മീറ്റിംഗ്, എസ്. ആർ. ജി തുടങ്ങിയ യോഗത്തിൽ എല്ലാം ചർച്ച ചെയ്യുന്നു.

## ആരോഗ്യം, സുരക്ഷ

എല്ലാ കുട്ടികളുടെയും കഴിവുകൾ വികസിപ്പിക്കാൻ ആവശ്യമായ അവസര സമത്വവും സാമൂഹ്യനീതിയും ഉറപ്പാക്കുന്ന പഠന പരിസരം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ എല്ലാവരുടെയും കഴിവുകൾ അംഗീകരിക്കപ്പെടുന്നതും ഉയർന്ന തലത്തിലേക്ക് വികസിപ്പിക്കുന്നതും ആയ ഒരു വിദ്യാഭ്യാസ ക്രമം വളർത്തിയെടുക്കാൻ കഴിയൂ. എല്ലാ കുട്ടികളും ഉൾപ്പെടുന്ന വിദ്യാഭ്യാസ ക്രമത്തിന് ഭിന്ന ശേഷികളുള്ള വിദ്യാർഥികൾക്കും പൂർണ്ണ അർത്ഥത്തിൽ ഇടം ഉണ്ടായിരിക്കും.

സി. ഡബ്ല്യു എസ് എൻ കുട്ടികൾക്ക് വേണ്ടി പ്രത്യേകം അധ്യാപിക ഇല്ല. ബി. ആർ. സി ട്രെയിനർ മാർ ഇടയ്ക്കിടയ്ക്ക് സ്കൂളിൽ എത്തിച്ചേർന്ന് ഇവരെ ശ്രദ്ധിക്കാറുണ്ട്. അല്ലാത്ത സമയങ്ങളിൽ ഇവിടുത്തെ അധ്യാപകർ തന്നെ ഇവരെ ശ്രദ്ധിക്കുന്നു.

## ക്രിയാത്മകമായ സാമൂഹ്യപങ്കാളിത്തം

വിദ്യാലയ മാനേജ്മെന്റ് കമ്മിറ്റി പിടിഎ പൂർവ്വ അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ അധ്യാപകർ വിദ്യാർഥികൾ രക്ഷിതാക്കൾ പ്രദേശവാസികൾ തുടങ്ങിയ സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഉള്ളവരുടെ പങ്കാളിത്തം വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ നിർണായകമായി തീരുന്നു. നമ്മുടെ പ്രധാന ലക്ഷ്യം ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കൽ ആണ് അതിനുള്ള അന്തരീക്ഷവും പഠന സഹായ സംവിധാനവും

വിദ്യാലയത്തിൽ രൂപപ്പെടുന്നതിന് പൊതുസമൂഹത്തിന് ക്രിയാത്മക പങ്കാളിത്തം വേണം ഇതിനായി വിദ്യാലയത്തിന്റെ ഭൗതിക സൗകര്യ സൗകര്യങ്ങൾ വികസിക്കണം. പാഠ്യപദ്ധതി വിനിമയം ഫലപ്രദം ആവണം സാമൂഹിക വിഭവങ്ങൾ വിദ്യാലയത്തിനും വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനും ലഭ്യമാകുന്ന വിദ്യാലയ സമൂഹ ബന്ധം രൂപപ്പെടണം.

## പ്രശ്നങ്ങൾ വെല്ലുവിളികൾ

### അക്കാദമികം

 ഒന്നു മുതൽ ഏഴ് വരെ ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദേശിച്ച എല്ലാ ശൈലികളും ഏറെ കുറെ നേടാൻ കഴിയുന്നുണ്ട്

പഠന പ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണങ്ങൾ ഐസിടി സാധ്യതകൾ എന്നിവ ഉപയോഗിക്കുന്നുണ്ട്

 പഠന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും നൂതന പഠനതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും സഹായകമായി ഗവേഷണ രീതികൾ പ്രയോജനപ്പെടുത്തുന്നതിന്റെ തോത് കുറവാണ് .

 സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് പ്രാധാന്യവും പ്രോത്സാഹനവും നൽകുന്നില്ല.

 മികവുപുലർത്തുന്ന എല്ലാ കുട്ടികൾക്കും മികച്ച പഠന അനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.

 വൈവിധ്യമാർന്ന പഠന തന്ത്രങ്ങളും രീതികളും പ്രയോജനപ്പെടുത്തുന്നതിന് ഭൂരിപക്ഷം പേർക്കും കഴിഞ്ഞിട്ടില്ല.

 വിദ്യാലയ പ്രവർത്തനങ്ങൾ കൃത്യമായി മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കുന്നതിന് സാധിക്കുന്നില്ല.

### ഭൗതികം

□പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായകമായ സ്ഥലസൗകര്യം ഇരിപ്പിട സൗകര്യം ഉള്ള ക്ലാസ് മുറികളുടെ അഭാവം.
□ ആധുനികമായി സജ്ജീകരിച്ച സ്കൂൾ ലൈബ്രറി, ലബോറട്ടറി, ലാംഗേജ് ലാബ് ഇവയുടെ അഭാവം.
□ സ്കൂളിൽ ലൈബ്രറി റൂം ഇല്ല.
□ ടോയ്ലെറ്റുകൾ ജലദൗർലഭ്യം മൂലം എപ്പോഴും വൃത്തിയാക്കിയിടാൻ സാധിക്കാതെ വരുന്നു.

## സാമൂഹികം

□വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുന്നില്ല.
□ കലാ സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.
□ കലാകായിക പ്രവൃത്തി പരിചയ പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളെ പ്രയോജനപ്പെടുത്തുന്നില്ല.
□ നിയമനാംഗീകാരം ലഭിക്കാതെ ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില

## ഉപസംഹാരം

